**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2803** **13-12-2022 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ കെ.എസ്.ഇ.ബി. സബ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളിൽ കെ.എസ്.ഇ.ബി. യുടെ സബ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; | (എ) | ഇടുക്കി ജില്ലയിൽ കട്ടപ്പന ഇലക്ട്രിക്കൽ ഡിവിഷന്റെ പരിധിയിൽ പൈനാവ് സെക്ഷനു കീഴിൽ തങ്കമണിയിലും, അടിമാലി ഇലക്ട്രിക്കൽ ഡിവിഷന്റെ പരിധിയിൽ രാജകുമാരി സെക്ഷനു കീഴിൽ പൂപ്പാറയിലും, ചിത്തിരപുരം സെക്ഷനു കീഴിൽ മാങ്കുളത്തും സബ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | കെ.എസ്.ഇ.ബി. അടിമാലി സെക്ഷന് കീഴിൽ ഏതെങ്കിലും സബ് സെന്റർ പ്രവർത്തിക്കുന്നുണ്ടോ; അറിയിക്കുമോ; | (ബി) | കെ.എസ്.ഇ.ബി. അടിമാലി സെക്ഷന് കീഴിൽ സബ്സെന്റർ പ്രവർത്തിക്കുന്നില്ല. |
| (സി) | കെ. എസ്. ഇ. ബി. അടിമാലി സെക്ഷന് കീഴിൽ ഇരുമ്പുപാലത്ത് സബ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (സി) | പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും അടിമാലി സെക്ഷന് കീഴിൽ ഇരുമ്പുപാലത്ത് സബ് സെന്റർ ഓഫീസ് അനുവദിയ്ക്കുന്നതു പ്രായോഗികമല്ല. ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർ:നിർണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ.-ൽ നടന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ